മ്പോൾ ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് തഹസിൽദാരുടെ ശുപാർശ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ അത്യാഹിതം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ചികിത്സാച്ചെലവിനുള്ള സഹായത്തിന് ചികിത്സ തുടങ്ങി മൂന്ന് മാസത്തിനുള്ളിൽ അപേക്ഷ ബന്ധപ്പെട്ട ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. മറ്റ് ഏതെങ്കിലും ഗവണ്മെന്റ് ഏജൻസികളിൽനിന്നും ധനസഹായമോ ഇൻഷ്വറൻസ് തുകയോ, ക്ഷേമനിധി വിഹിതമോ ലഭിച്ചിട്ടുണ്ടെങ്കിൽ അത്രയും തുക കുറച്ചുള്ള തുക മാത്രമേ ഈ പദ്ധതിപ്രകാരം ലഭിക്കുകയുള്ളൂ. അപേക്ഷ നൽകുമ്പോൾ മറ്റ് ഏജൻസികളിൽനിന്നും ലഭിച്ച ധനസഹായത്തിന്റെ പൂർണ്ണ വിവരം കൂടി നൽകേണ്ടതാണ്.

11 (155) പിന്നോക്ക വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതി

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗക്കാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇന്നു നിർമ്മിച്ചുനൽകുന്ന ഒരു മുറിയും അടുക്കളയും മാത്രമുള്ള പാർപ്പിടങ്ങൾ, പുതിയ കാഴ്ചപ്പാടിൽ അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവർക്ക് ഏതുതരം വീടുകൾ നിർമ്മിച്ചുനൽകാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്;

(ഡി) അത്തരം വീടുകളുടെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ എന്നും, നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ഇ) പരമ്പരാഗത നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് ഉറപ്പും ഭംഗിയുമുള്ള വീടുകൾ പിന്നോക്കക്കാർക്ക് നിർമ്മിച്ചുനൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) പിന്നോക്ക വിഭാഗക്കാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിപ്രകാരം താഴ്ന്നവരുമാനക്കാർക്ക് 60,000 രൂപയും ഇടത്തരം വരുമാനക്കാർക്ക് 1,75,000 രൂപയും ഭവന നിർമ്മാണത്തിന് വായ്പ നല്കിവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി നിലവിലുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് പുറമേ 'മൈത്രി സമ്പൂർണ്ണ ഭവന പദ്ധതി' കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു. ത്രിതല പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly

കൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ ഇതിനു പുറമെയാണ്.

(ബി)(സി)&(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരുടെ കാര്യത്തിൽ ഒരു മുറിയും അടുക്കളയും മാത്രമുള്ള വീടുകൾ നൽകുന്ന പരിപാടി 1997-98 മുതൽതന്നെ നിർത്തലാക്കിയിട്ടുണ്ട് . ഇപ്പോൾ 35,000 രൂപ ധന സഹായം അനുവദിക്കുന്നത് രണ്ടുമുറികൾ അടുക്കള, ടോയ്ലറ്റ് എന്നിവ അടങ്ങുന്ന വീടുകൾ നിർമ്മിക്കാനാണ്. ഇതിനു വേണ്ട ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

12 (156) പട്ടികജാതി ക്ഷേമ കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി ക്ഷേമ കോർപ്പറേഷൻ പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് സാമ്പത്തികസഹായം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനുള്ള നിബന്ധനകൾ വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഈ ഇനത്തിൽ എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിഭൂമി വായ്പാപദ്ധതിപ്രകാരം 50,000 രൂപ സബ്സിഡിയും ഒരു ലക്ഷം രൂപ വായ്പയും അനുവദിക്കുന്നുണ്ട്.(നിബന്ധനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

13 (157) സ്കൂൾ അദ്ധ്യാപന നിലവാരം

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ അധ്യാപന നിലവാരത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപനനിലവാരം ഉയർത്തുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly